പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3292 | 19.06.2018-ലെ മറുപടിക്ക്

## ബസുകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വിൻസെന്റ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; 25.05.2018-ൽ ഓപ്പറേറ്റ് ചെയ്ത സർവ്വീസുകളുടെ എണ്ണം എത്ര; പ്രസ്തുത ദിവസം ഓപ്പറേറ്റ് ചെയ്ത ബസുകളിലെ ജീവനക്കാർക്ക് അനുവദിച്ച ഡ്യൂട്ടി ഇനം തിരിച്ച് (Single Duty, Double Duty,Triple Duty, Four Duty)വ്യക്തമാക്കുമോ; | (എ) | 13-6-2018-ലെ കണക്കുപ്രകാരം 5,800 ബസ്സുകൾ സർവ്വീസിന് യോഗ്യമായവയാണ്. 25-5-2018-ൽ ഓപ്പറേറ്റ് ചെയ്ത സർവ്വീസ്സുകളുടെ എണ്ണം 5,098 ആണ്.<br>ടി സർവ്വീസുകളിലെ ജീവനക്കാർക്ക് നൽകിയ ഡ്യൂട്ടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>സിംഗിൾ ഡ്യൂട്ടി - 444<br>ഒന്നര ഡ്യൂട്ടി - 1694<br>ഡബിൾ ഡ്യൂട്ടി - 2590<br>രണ്ടര ഡ്യൂട്ടി - 85<br>മൂന്ന് ഡ്യൂട്ടി - 189<br>മൂന്നര ഡ്യൂട്ടി - 20<br>നാല് ഡ്യൂട്ടി - 39<br>നാല് ഡ്യൂട്ടിക്ക് മുകളിൽ - 37<br>ആകെ - 5098 |
| (ബി) | കെ.എസ്.ആർ.ടി.സി. യിൽ 2018 മാർച്ച് മാസത്തിൽ ശമ്പളം വാങ്ങിയ ആകെ ജീവനക്കാരുടെ എണ്ണം എത്ര എന്ന് വ്യക്തമാക്കാമോ; തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) | 2018 മാർച്ച് മാസത്തിൽ 37,078 പേർക്ക് ശമ്പളം നൽകിയിട്ടുണ്ട്. അതിൽ 28,857 പേർ സ്ഥിരം ജീവനക്കാരും, 8,006 പേർ താൽക്കാലിക ജീവനക്കാരും 215 പേർ ഓഫീസർമാരുമാണ്.<br>തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഉന്നത തസ്തികളിൽ (ഓഫീസേഴ്സ്) പി.എസ്.സി. വഴി എത്ര നിയമനം നടത്തി; | (സി) | നിലവിൽ 80 ഓഫീസർമാർ പി.എസ്.സി. മുഖാന്തിരം കോർപ്പറേഷന്റെ സേവനങ്ങളിൽ പ്രവേശിച്ചവരാണ്. |

| | | | |
|---|---|---|---|
| (ഡി) | സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സർവ്വീസ് ഓപ്പറേഷന് വേണ്ട സ്റ്റാഫ് പാറ്റേൺ എത്ര; ദേശീയ ശരാശരിയായ 1:8.5 ൽ നിന്നും 1: 5.5 ലേയ്ക്ക് എത്തുമ്പോൾ സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | ദേശീയ ശരാശരിയ്ക്കൊപ്പം, അതായത് 1:5.5. ഓപ്പറേറ്റിംഗ് ഷെഡ്യൂളുകൾക്ക് ആനുപാതികമായാണ് ജീവനക്കാരുടെ എണ്ണം കണക്കാക്കുന്നത്. ആയതിനാൽ സർവ്വീസ് ഓപ്പറേഷന് വേണ്ടി സ്റ്റാഫ് പാറ്റേൺ 1:5.5 ലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അതിനുശേഷം മാത്രമെ ആവശ്യമായ ജീവനക്കാരുടെ എണ്ണം കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | 1:6.5 എന്ന അനുപാതത്തിൽ ജീവനക്കാരെ ക്രമീകരിക്കുമ്പോൾ അധികമായിവരുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. എന്ത് തരത്തിലുള്ള ജോലി നൽകും; | | |
| (എഫ്) | കെ.എസ്.ആർ.ടി.സി. കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. അഡ്വൈസ് കൈപ്പറ്റിയ എത്ര പേരെ നിയമിയ്ക്കുമെന്നറിയിക്കാമോ; | (എഫ്) | കെ.എസ്.ആർ.ടി.സി അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത ഐ.ഐ.എം-ൽ നിന്നും വിരമിച്ച പ്രൊഫ.സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ.സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ്സ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്കൊപ്പം എത്തിക്കാൻ ശ്രമിച്ചു വരികയാണ്. ആയതിനാൽ പുതിയ നിയമനങ്ങൾ തൽക്കാലം നടത്താൻ നിർവ്വാഹമില്ല. പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് മാത്രമേ പുതിയ നിയമനം നടത്താൻ നിർവ്വാഹമുള്ളൂ. |
| (ജി) | കെ.എസ്.ആർ.ടി.സി. അഞ്ച് വർഷ എൽ.ഡബ്ള്യു.എ. അനുവദിച്ച ജീവനക്കാരെ തിരികെ വിളിച്ചാൽ ഡ്യൂട്ടി നൽകുവാൻ സാധിക്കുമോ എന്നറിയിക്കാമോ? | (ജി) | കെ.എസ്.ആർ.ടി.സിയിൽ 5 വർഷം LWA അനുവദിച്ച ജീവനക്കാരെ തിരികെ വിളിച്ചാൽ ഡ്യൂട്ടി നൽകാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**